(സി) സംസ്ഥാനത്ത് എത്ര കൺസ്യൂമർ സ്റ്റോറുകളാണ് നിലവിലുള്ളതെന്നും, ഇവയിൽ എത്രയെണ്ണം നഷ്ടത്തിലല്ലാതെ ഇപ്പോൾ പ്രവർത്തിക്കുന്നെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം പ്രസക്തമല്ല.

(സി) 632. ഇതിൽ 61 എണ്ണം നഷ്ടത്തിലല്ലാതെ പ്രവർത്തിക്കുന്നു.

റബ്കോ പ്രസിഡന്റും മാനേജിംഗ് ഡയറക്ടറും നടത്തിയ വിദേശ യാത്രകൾ

144 [3549] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഇതുവരെ പണം വായ്പ എടുത്തിട്ടുണ്ട്;

(ബി) ഏറ്റവും ഒടുവിൽ തയ്യാറാക്കിയ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഈ സംഘത്തിന്റെ സാമ്പത്തികനിലയെന്താണ്;

(സി) റബ്കോ രൂപീകൃതമായശേഷം സംഘം പ്രസിഡന്റും മാനേജിംഗ് ഡയറക്ടറും എത്ര തവണ വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്;

(ഡി) ഇത് ഏതെല്ലാം രാജ്യങ്ങളിലേക്കാണ്;

(ഇ) ഈ യാത്രകൾക്ക് ഓരോന്നിനും എത്ര രൂപാ വീതം ചെലവ് വന്നിട്ടുണ്ട്;

(എഫ്) ഈ യാത്രകൾക്ക് സഹകരണ രജിസ്ട്രാറുടെ അനുമതി ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റബ്കോ എൻ. സി. ഡി. ബി.-യിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്തിട്ടുണ്ട്.

(ബി) 1999-2000 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘം 5.23 കോടി രൂപ നഷ്ടത്തിലാണ്.

(സി—ഇ) 4 തവണ വിദേശയാത്ര നടത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ:

1.	മലേഷ്യ, സിംഗപ്പൂർ	..	1,06,710 രൂപ
2.	മലേഷ്യ	..	86,796 „
3.	ഇറ്റലി, ആസ്ട്രിയ, പോളണ്ട്	..	4,45,406 „
4.	മലേഷ്യ, തായ്വാൻ	..	1,47,034 „

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അനുമതി ഉണ്ടായിരുന്നു.

പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

145 [3550] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്ന് 1993 ജൂൺ 3-ന് മുൻപ് പെൻഷൻ പറ്റിയ ജീവനക്കാർക്ക് നാമമാത്രമായ പെൻഷൻ ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ബി) 1993 ജൂൺ 3-ന് മുൻപ് പെൻഷൻ പറ്റിയവർക്കുകൂടി പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വാശ്രയ പെൻഷൻ പദ്ധതി പ്രകാരം 3-6-1993-ന് മുൻപും അതിനുശേഷവും റിട്ടയർ ചെയ്തിട്ടുള്ളവർക്ക് പെൻഷൻ കണക്കാക്കുന്നത് ഒരേ ഫോർമുല പ്രകാരമാണ്. സ്വാശ്രയ പെൻഷൻ പദ്ധതി പെൻഷൻ വിഹിതവുമായി ബന്ധപ്പെട്ടതായതിനാൽ 3-6-1993-ന് മുൻപ് പെൻഷൻ പറ്റിയവർക്ക് മാത്രമായി ആനുകൂല്യം വർദ്ധിപ്പിക്കാൻ കഴിയില്ല.

തിരുവനന്തപുരം സ്പെയ്സ് സെന്റർ എംപ്ലോയീസ് സഹകരണ സംഘത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

146 [3551] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്പെയ്സ് സെന്റർ എംപ്ലോയീസ് സഹകരണ സംഘത്തിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിലാണ് മറ്റുള്ളവർക്ക് ചാർജ് നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത സംഘത്തിൽ ക്ലാസിഫിക്കേഷനിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ ഉദ്യോഗസ്ഥൻമാർ നിലവിലുണ്ടോ;

(ഡി) എങ്കിൽ ഉയർന്ന പോസ്റ്റുകളിലേക്ക് അർഹതപ്പെട്ടവർക്ക് പ്രമോഷൻ നൽകുന്നതിനുപകരം ഉയർന്ന പോസ്റ്റിന്റെ ചാർജ് മറ്റുള്ളവർക്ക് നൽകിയിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംഘം സെക്രട്ടറിയുടേയും വട്ടിയൂർക്കാവ് ബ്രാഞ്ച് മാനേജരുടേയും തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly